"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.856/2026/LBR തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:- 1) 30.04.2024 ലെ സ.ഉ(സാധാ)നം.541/2024/തൊഴിൽ

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 02.07.2026 ലെ ഇ1-1042/2026/ഡി.ഐ.എം.എസ്, 13.07.2026 ലെ ഇ1-1363/2026/ഡി.ഐ.എം.എസ്, 14.07.2026 ലെ ഇ1-4573/2025/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ 81 അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്ക് പരാമർശം (1) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവിൽ ഉൾപ്പെട്ട ഡോ. പ്രദീപ് കെ ആർ, ഡോ. മിനി എൽ, ഡോ. രമാകുമാരി എം എന്നീ മൂന്ന് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടെ പ്രൊബേഷൻ കാലയളവിലെ പ്രവർത്തിയും സ്വഭാവവും തൃപ്തികരമാണെന്നും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചുവടെ ചേർത്തിരിക്കുന്ന ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടെ പ്രൊബേഷൻ, പട്ടികയിൽ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന തീയതികളിൽ പൂർവാഹം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര് | പെൻ | പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡോ. പ്രദീപ് കെ ആർ | **524350** | **30.10.2024 FN** |
| 2 | ഡോ. മിനി എൽ | **515682** | **30.10.2024 FN** |
| 3. | ഡോ.രമാകുമാരി എം. | **688229** | **02.11.2024 FN** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DEEPA P R**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Salini S
Date: 06-08-2026
16:54:04

സെക്ഷൻ ഓഫീസർ